"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 12.08.2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - മരണമടഞ്ഞ വിദ്യാർത്ഥിനി ദേവികയുടെ കുടുംബത്തിന് വീട് വച്ച് നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1690/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/09/2020

---

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ) നം.2320/2019/തസ്വഭവ തീയ്യതി, 21.10.2019

2. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.07.2020-ലെ ഡി/1398/2019 നം. കത്ത്

3. 12.08.2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.46 നമ്പർ തീരുമാനം

ഉത്തരവ്

പരാമർശം (1) പ്രകാരം ഐ.എ.വൈ. പദ്ധതിയ്ക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അക്കൗണ്ടിൽ ഉള്ള തുക ഉപയോഗിച്ച് OLH പദ്ധതി പ്രകാരമുള്ള ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന്, കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ പുളിയമ്പറ്റ കോളനിയിൽ താമസിച്ചിരുന്ന, മരണപ്പെട്ട വിദ്യാർത്ഥിനി ദേവികയുടെ (ശ്രീ. ബാലകൃഷ്ണന്റെ മകൾ) കുടുംബത്തിന് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ 12.08.2020 തീയതിയിലെ കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും മറ്റു തരത്തിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുവാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2.മേൽ വിവരിച്ച സാഹചര്യത്തിൽ, മറ്റു തരത്തിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ, പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയതിൽ മിച്ചമുള്ള തുകയിൽ നിന്നും 4 ലക്ഷം രൂപ ഉപയോഗിച്ച് ടി കുടുംബത്തിന് വീട് വച്ച് നൽകുവാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

അണ്ടർ സെക്രട്ടറി

പകർപ്പ് :ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ , സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ , (എ& ഇ),തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ ( ഐ&പി.ആർ.ഡി)

# File No.LSGD-DD1/172/2020-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.09.19 12:52:36 IST
Reason: Approved
സെക്ഷൻ ഓഫീസർ